ഉത്തരം

(എ) 2002-2003 വർഷത്തേക്ക് കേന്ദ്ര വിഹിതമായി 84.20 ലക്ഷം രൂപ നൽകി.

(ബി) 421 വീടുകൾ.

(സി&ഡി) പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് 4 ഗഡുക്കളായിട്ടാണ് തുക നൽകുന്നത്. ഇതിൻപ്രകാരം മതിയായ രേഖകൾ സമർപ്പിച്ച 294 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു 5,000 രൂപ ക്രമത്തിൽ 14.7 ലക്ഷം രൂപയും, ഇവരിൽ വീട്ടിന്റെ ഫൗണ്ടേഷൻ പൂർത്തിയാക്കിയ 265 ഗുണഭോക്താക്കൾക്ക് 2-ാം ഗഡുവായി 20,000 രൂപ ക്രമത്തിൽ 53 ലക്ഷം രൂപയും ഇതിൽ ലിന്റിൽ മട്ടം വരെയുള്ള നിർമ്മാണം പൂർത്തിയാക്കിയ 32 ഗുണഭോക്താക്കൾക്ക് 10,000 രൂപക്രമത്തിൽ 3.2 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(ഇ) ഇല്ല. ഓരോഘട്ടം നിർമ്മാണം പൂർത്തിയാക്കിയതായി ഗുണഭോക്താവ് നഗരസഭയെ അറിയിച്ചശേഷം ബന്ധപ്പെട്ട നഗരസഭാ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ട് പ്രകാരമാണ് അടുത്ത ഗഡു അനുവദിക്കുക. മേൽക്കൂര നിർമ്മാണം പൂർത്തിയായെങ്കിൽ മാത്രമേ 4-ാം ഗഡു അനുവദിച്ച് നൽകുകയുള്ളു. ഇത്തരത്തിൽ നിർമ്മാണം പൂർത്തിയാക്കിയവർ ആരുമില്ലാത്തതിനാൽ മുഴുവൻ ഗഡുക്കളും നൽകുവാൻ കഴിഞ്ഞിട്ടില്ല.

(എഫ്) അഴിമതി ആരോപണം ഉണ്ടായിട്ടില്ല. എന്നാൽ ചില ആരോപണങ്ങൾ ഉന്നയിച്ച് ബി.ജെ.പി. നെടുമങ്ങാട് മണ്ഡലം കമ്മിറ്റി പ്രസിഡന്റിൽ നിന്നും ലഭിച്ച നിവേദനം പരിശോധിച്ച് രേഖാമൂലം അദ്ദേഹത്തിന് മറുപടി നൽകിയിട്ടുണ്ട്.

മുനിസിപ്പൽ കോമൺസർവ്വീസിലെ ലൈബ്രേറിയൻ ഗ്രേഡ് 4 തസ്തിക

86 (3838) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പൽ കോമൺസർവ്വീസിൽ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിൽ സംസ്ഥാനത്ത് ആകെ എത്ര ഒഴിവുകളുണ്ട് ;

(ബി) ഇപ്പോൾ എത്ര നഗരസഭകളിൽ പ്രസ്തുത തസ്തികയിൽ താൽക്കാലിക നിയമനം ലഭിച്ചവർ നിലവിലുണ്ട് ;

(സി) ബന്ധപ്പെട്ട റാങ്ക് ലിസ്റ്റിൽ നിന്ന് ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 12 ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്.

(ബി) വിവിധ നഗരസഭകളിലായി 7 പേർ ലൈബ്രേറിയൻ തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്.

(സി) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly